(ബി) ഈ വ്യവസായ മേഖലകളെ പുഷ്ടിപ്പെടുത്താൻ കൂടുതൽ ഫലപ്രദമായ എന്തെങ്കിലും നടപടികൾ കൈക്കൊള്ളുന്നതിന് ഉദ്ദേശമുണ്ടോ;

(സി) കയർ, കശുവണ്ടി കാർപ്പറേഷൻ രൂപീകരണത്തിനുള്ള നടപടികൾ എത്രത്തോളമായി?

വ്യവസായമന്ത്രി (ശ്രീ ടി. വി. തോമസ്):

(എ, ബി, സി) കയർ വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനു് ഒരു സ്കീം തയ്യാറാക്കി കേന്ദ്രഗവണ്മെന്റിൽ സമർപ്പിച്ചിട്ടുണ്ടു്. ഇതിന്റെ ഒരു ഭാഗമായ കയർ ടെക്നിക്കൽ ഡിഗ്രി കോഴ്സ് രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇതു് ഉടൻതന്നെ നടപ്പിൽ വരുന്നതാണു്. കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളിലൊന്നായ കശുവണ്ടിവികസന കോർപ്പറേഷനും രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഇതും ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണു്.

സഹകരണമേഖലയിൽ തൊഴിലാളികളുടെ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ നടപടികൾക്കുപുറമേ സഹകരണമേഖലയിൽ ഒരു ഫിനാൻസ് കോർപ്പറേഷനും സംഘടിപ്പിച്ചിട്ടുണ്ടു് സഹകരണമേഖലയിൽ കൂടുതലായി എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നും മറ്റും ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണു്.

തൊണ്ടുതല്ലുമെഷീൻ

* 47 [109] ശ്രീ വി. എസ്. അച്യുതാനന്ദൻ:
,, പ്രൊ. ടി. കുമാരൻ
,, എ. പി. ദാമോദരൻ
,, വി. പി. വിജയൻ
,, എം. കെ. ജോസഫ്
,, പാലൊളി മുഹമ്മദ്കുട്ടി
,, പി. പി. കുഞ്ഞൻ

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടുതല്ലുമെഷീൻകൊണ്ടു് ഒരു ദിവസം എത്ര തേങ്ങയുടെ തൊണ്ടു തല്ലാമെന്നാണു് കണക്കാക്കിയിരിക്കുന്നതു്;

(ബി) പ്രസ്തുത മെഷീൻ ഉപയോഗത്തിൽ വന്നതുമൂലം സ്റ്റോറേജ് എത്ര പേർക്കു് തൊഴിലില്ലാതായിട്ടുണ്ടു്;

(സി) ഈ തൊഴിലില്ലായ്മ തടയുവാൻ ഗവണ്മെന്റു് മുൻകൂട്ടി എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) തൊണ്ടിന്റെ എണ്ണം മെഷീനിന്റെ വലുപ്പത്തെ ആശ്രയിച്ചിരിക്കും.
(ബി സി.) സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചിട്ടില്ല.

50 ബിയിൽ ഉൾപ്പെടുത്തി വികസനത്തിനു പണികൾ

* 48 [110] ശ്രീ. പന്തളം പി. ആർ. രാധാകൃഷ്ണൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തന്നാണ്ടു് ബഡ്ജറ്റിൽ 50ബി യിൽ ഉൾപ്പെടുത്തിയ പണികൾ നടത്തേണ്ടതില്ലെന്നു ഗവണ്മെന്റു് ഉത്തരവു പാസ്സാക്കിയോ;

LIBRARY ARCHIVES Kerala Legislative Assembly